# വിശ്വഭാരതി മോഡൽ ഹയർസെക്കൻഡറി സ്കൂൾ

## കൃഷ്ണപുരം




**സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി**

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26**

## ആമുഖം

വിദ്യാഭ്യാസ രംഗത്ത് നവോത്ഥാനപരമായ മാറ്റത്തിന്റെ കാഹളം മുഴക്കിക്കൊണ്ട് 2025 – 26 "സമഗ്ര ഗുണമേന്മ പദ്ധതി" എന്ന പൊതുസംരംഭത്തിന് തുടക്കം കുറിക്കുകയാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ടും അക്കാദമിക രംഗത്തും, കലാരംഗത്തും, കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങളിൽ പൊതുവിദ്യാലയങ്ങൾ സജീവമാകണം. "എന്റെ സ്കൂൾ – എന്റെ അഭിമാനം" എന്ന പ്രചോദനാത്മകമായ വാക്യത്തെ അർത്ഥവത്താക്കുന്നതിനുള്ള പരിശ്രമം എന്ന നിലയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ കാണേണ്ടതുണ്ട്....

ആലപ്പുഴ ജില്ലയുടെ ഏകദേശം തെക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്നതും കേരള സാംസ്കാരിക പൈതൃകത്തിന്റെ വാസ്തു വിദ്യാ ചാരുതയിൽ മുങ്ങിക്കുളിച്ച് നിൽക്കുന്ന മനോഹരമായ കൃഷ്ണപുരം കൊട്ടാരത്തിന്റെ സമീപത്തായി പരിലസിക്കുന്നതും, ശ്രീ പനയന്നാർകാവ് ദേവീ ക്ഷേത്രത്തിന്റെ ചൈതന്യമുൾക്കൊള്ളുന്നതുമായ സരസ്വതീ ക്ഷേത്രമാണ് വിശ്വഭാരതി മോഡൽ ഹയർസെക്കൻഡറി സ്കൂൾ. കായംകുളം കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ഏക ഹയർസെക്കൻഡറി സ്കൂൾ എന്ന നിലയിലും അഭിമാനാർഹമായ സ്ഥാനമാണ് വിസ്വഭാരതിക്കുള്ളത്.

പാഠ്യ പാഠ്യേതര രംഗത്ത് മികവാർന്ന പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന വിശ്വഭാരതിയുടെ വികസന മേഖലകളിൽ അധ്യാപകരോടൊപ്പം, രക്ഷാകർത്തൃ സമിതികളും പൂർവ്വ – വിദ്യാർഥി സംഘടനകളും രാഷ്ട്രീയ, സാമൂഹിക മാധ്യമ രംഗത്തുള്ളവരും വഹിക്കുന്ന പങ്ക് സ്തുത്യർഹമാണ്. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (Inclusive education) പ്രാവർത്തികമാക്കുവാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികൾക്കായി കരാട്ടെ, നെറ്റ്ബോൾ, ഖൊഖൊ ആർച്ചറി, ബസ്കറ്റ് ബോൾ, ഫുട്ബോൾ, കബഡി, വടംവലി, ബാറ്റ്മിന്റൻ തുടങ്ങിയ പരിശീലനങ്ങളിലൂടെ ആത്മധൈര്യം വർദ്ധിപ്പിക്കുവാനും, പ്രതിരോധത്തിനും സാധിക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു. ഹരിതഭംഗിയാർന്ന, ജൈവസമ്പന്നതയിൽ അലങ്കൃതമായ സ്കൂൾ ക്യാമ്പസ് ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. :സ്കൂൾ തന്നെ പുസ്തകം" വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ്.ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കി കുട്ടികൾക്കാവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റുവാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിച്ചുകൊള്ളട്ടെ.

# സ്കൂൾ വിവരങ്ങൾ



| | | |
|---|---|---|
| റവന്യൂജില്ല | : | ആലപ്പുഴ |
| സ്കൂൾ കോഡ് | : | 36058 |
| സ്കൂളിന്റെ പേര് | : | വിശ്വഭാരതി മോഡൽ ഹയർസെക്കൻഡറി സ്കൂൾ, കൃഷ്ണപുരം |
| മേൽവിലാസം | : | വി. എം. എച്ച്. എസ് കാപ്പിൽമേക്ക്, കൃഷ്ണപുരം പി ഓ, കായംകുളം |
| പിൻകോഡ് | : | 690533 |
| ഹെഡ്മാസ്റ്റർ | : | ശ്രീ. ആർ ധനേഷ് |
| ഫോൺ നമ്പർ | : | 0479 2438991 |
| ഇ-മെയിൽ | : | vbmhskylm@gmail.com |
| ഗ്രാമപഞ്ചായത്ത് | : | കൃഷ്ണപുരം |
| വിദ്യാഭ്യാസ ജില്ല | : | മാവേലിക്കര |
| സബ് ജില്ല | : | കായംകുളം |
| ക്ലാസ്സുകൾ | : | 8 മുതൽ 12 വരെ |
| മാനേജ്മന്റ് | : | കടുവിനാൽ കുടുംബ ട്രസ്റ്റ് |
| പഠനമാധ്യമം | : | ഇംഗ്ലീഷ്, മലയാളം |

# വിശ്വഭാരതി മോഡൽ ഹയർസെക്കൻഡറി സ്കൂൾ – ചരിത്രം

ശ്രീ പനയന്നാർകാവ് ദേവീക്ഷേത്രത്തിന്റെ ചൈതന്യമുൾക്കൊണ്ടുകൊണ്ട് കടുവിനാൽ കുടുംബ ട്രസ്റ്റിന്റെ സാരഥ്യത്തിൽ കായംകുളം കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്തായി അഭിമാനത്തോടെ ശിരസ്സുയർത്തി നിൽക്കുന്ന സരസ്വതീക്ഷേത്രമാണ് വിശ്വഭാരതി മോഡൽ ഹയർസെക്കൻഡറി സ്കൂൾ. കൃഷ്ണപുരം ഗ്രാമത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക മേഖലയ്ക്ക് ലഭിച്ച ഉൽകൃഷ്ട സംഭാവനയായ വിശ്വഭാരതി 1982–ൽ സ്ഥാപക മാനേജർ ശ്രീ. കോട്ടിരേത്ത് രാഘവക്കുറുപ്പിന്റെ നേതൃത്വത്തിൽ ഹൈസ്കൂളായി പ്രവർത്തനമാരംഭിച്ചു. ധനമന്ത്രിയായിരുന്ന യശഃശരീരനായ ശ്രീ. തച്ചടി പ്രഭാകരനാൽ ശിലാസ്ഥാപനം നടത്തപ്പെട്ട ഈ വിദ്യാലയം സമർത്ഥ വ്യക്തിത്വങ്ങളെ വാർത്തെടുക്കുന്നതിലും നാടിന്റെ യശ്ശസിന് ധവളിമ പകരുന്ന നിസ്തുലമായ പങ്ക് വഹിച്ചിട്ടുണ്ട്. മൂന്ന് ക്ലാസ്സ് മുറികളും ഒൻപത് ജീവനക്കാരുമായി 1982–ൽ പ്രവർത്തനമാരംഭിച്ച സ്കൂളിന്റെ ആദ്യ പ്രഥമാദ്ധ്യാപകൻ ശ്രീ. കെ രവീന്ദ്രനാഥക്കുറുപ്പ് അവർകൾക്ക് തന്റെ പ്രവർത്തനമികവിനുള്ള അംഗീകാരമായ സംസ്ഥാന അദ്ധ്യാപക അവാർഡ് ലഭിക്കുകയുണ്ടായി. തുടർന്ന് 1990–ൽ സ്കൂളിന്റെ പ്രഥമാദ്ധ്യാപകൻ ആയിരുന്ന ശ്രീ. എൻ സുകുമാരപിള്ള അവർകൾ ദേശീയ അദ്ധ്യാപക പുരസ്കാരം ഇന്ത്യൻ പ്രസിഡന്റ് ശ്രീ. ആർ വെങ്കിട്ടരാമനിൽ നിന്നും ഏറ്റുവാങ്ങി. 1982–ൽ ഹൈസ്കൂളായി ആരംഭിച്ച വിശ്വഭാരതിയുടെ പ്രവർത്തനമികവിന്റെ ഫലമായി 2014–ൽ ഹയർസെക്കൻഡറി സ്കൂളായി ഉയർത്തപ്പെട്ടു. സ്കൂളിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിയിൽ മാനേജ്മന്റും അദ്ധ്യാപക–രക്ഷകർത്തൃ സമിതിയും മാതൃസംഗമവും പൂർവ്വവിദ്ധ്യാർത്ഥി അദ്ധ്യാപക സംഘടനകളും പ്രധാന പങ്ക് വഹിച്ചുവരുന്നു.

# അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാ ശേഷി വികസനം
2. ഇംഗ്ലീഷ് ഭാഷ അനായാസമാക്കൽ
3. വായനാശേഷി വർദ്ധിപ്പിക്കൽ
4. ലൈബ്രറി ശാക്തീകരണം
5. സാഹിത്യ ശില്പശാലകൾ
6. ഭാഷാ – ലാബ്
7. സ്കൂൾ പത്രം
8. പ്രതിഭാ – പോഷണ പരിപാടി
9. വിവേകോദയം
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. ദിനാചരണങ്ങൾ – ശക്തിപ്പെടുത്തൽ
12. ഗണിതശേഷി വികസനം
13. ശാസ്ത്ര – പോഷണ പരിപാടി
14. ലബോറട്ടറി നവീകരണം – ശാസ്ത്രം, ഗണിതം, സോഷ്യൽ സയൻസ്
15. ജൈവ വൈവിധ്യ പാർക്ക്
16. പച്ചക്കറി തോട്ടം
17. മെഡിക്കൽ – രക്തദാന ക്യാമ്പുകൾ
18. യോഗ, സൂംബ പരിശീലനം
19. പഠനയാത്രകൾ
20. പ്രവർത്തി പരിചയ പരിശീലനം
21. സ്കൂൾ വിക്കി പ്രവർത്തനം കാര്യക്ഷമമാക്കൽ
22. കായികശേഷി വികസനം
23. അദ്ധ്യാപക ശാക്തീകരണം – SRG തലം
24. കലാശേഷി വികസന പരിശീലനം
25. ICT പഠനം കാര്യക്ഷമമാക്കൽ
26. യൂണിറ്റ് ടെസ്റ്റ്
27. വായനാനുഭവം പങ്കുവെക്കൽ
28. ഡിബേറ്റ് ക്ലബ് രൂപീകരിക്കൽ
29. ലോകം പോയ വാരം – പത്രവായനാ ക്വിസ്

# പ്രവർത്തനം - വിശദാംശങ്ങൾ

## മലയാളം

### പ്രവർത്തനം - 1 ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ➢ എല്ലാ കുട്ടികൾക്കും മലയാള ഭാഷ അനായാസമായി എഴുതുവാനും വായിക്കുവാനുമുള്ള ശേഷി വികസനം, ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ➢ അക്ഷരം ഉറപ്പിക്കൽ<br>➢ ചിഹ്നം ഉറപ്പിക്കൽ<br>➢ പദ നിർമ്മാണം<br>➢ അക്ഷര കാർഡ് നൽകൽ<br>➢ വാക്കുകൾ നിർമ്മിക്കുക<br>➢ വാക്യങ്ങൾ നിർമ്മിക്കുക<br>➢ ചിത്രം അടിക്കുറിപ്പ് | ➢ 1 വർഷം | ➢ മലയാളം അദ്ധ്യാപകൻ<br>➢ SRG |
| ➢ എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | ➢ ക്ലാസ്സ് വായനാക്കൂട്ടം<br>➢ സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>➢ സമീപ ഗ്രന്ഥശാല അംഗത്വം<br>➢ വായനോത്സവം<br>➢ വായനാനുഭവം പങ്കുവെക്കൽ<br>➢ ഇ-വായന<br>➢ ചുവർപത്രിക തയ്യാറാക്കൽ<br>➢ സർഗ്ഗ സൃഷ്ടിയുടെ മാസിക<br>➢ പ്രസംഗ പരിശീലന കളരി<br>➢ ജന്മദിന പുസ്തകം | ➢ 6 മാസം - 1 വർഷം<br>➢ ആവശ്യമനുസരിച്ച്<br>➢ 1 വർഷം | ➢ വിദ്യാരംഗം ചുമതലയുള്ള അദ്ധ്യാപിക<br>➢ ലൈബ്രറി ചുമതലയുള്ള അദ്ധ്യാപകൻ<br>➢ SRG |
| ➢ പത്രവായന പരിപോഷിക്കൽ | ➢ പത്രവായന പരമാവധി സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br>➢ ഓരോ ക്ലാസ്സിനും ഓരോ പത്രം<br>➢ രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം | ➢ 1 വർഷം | ➢ മലയാളം അദ്ധ്യാപകർ |

# ഇംഗ്ലീഷ്

## പ്രവർത്തനം – 1 ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ➢ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കുവാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വികസനം | ➢ ഇംഗ്ലീഷ് ഭാഷയിൽ തന്നെ ക്ലാസ്സ് കൈകാര്യം ചെയ്യൽ<br>➢ ഇംഗ്ലീഷ് ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ<br>➢ ഇംഗ്ലീഷിൽ ഡിബൈറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ<br>➢ ഓരോ ക്ലാസ്സിനും ആഴ്ചയിൽ ഓരോ ദിവസം ഇംഗ്ലീഷ് അസംബ്ലി<br>➢ ഡയറി എഴുത്ത് ഇംഗ്ലീഷിൽ<br>➢ എല്ലാ വെള്ളിയാഴ്ചയും Poetry(കവിത), Story(കഥ), Essay(ഉപന്യാസം), രചനയുള്ള വ്യത്യസ്ഥ വിഷയങ്ങൾ നൽകി ഇംഗ്ലീഷ് ഭാഷ അനായാസ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നു | ➢ എല്ലാ ക്ലാസും<br>➢ ആഴ്ചയിൽ ഒരിക്കൽ – ഒരു വർഷം<br>➢ ആഴ്ചയിൽ ഒരിക്കൽ<br>➢ എല്ലാ ദിവസവും<br>➢ ആഴ്ചയിൽ ഒരിക്കൽ | ➢ ബന്ധപ്പെട്ട അധ്യാപകർ<br>➢ ഇംഗ്ലീഷ് ക്ലബ് കൺവീനർ സെക്രട്ടറി<br>➢ ബന്ധപ്പെട്ട അധ്യാപകർ, ക്ലാസ്സ് അധ്യാപകർ<br>➢ ഇംഗ്ലീഷ് അധ്യാപകർ |

## പ്രവർത്തനം – 2  ഇംഗ്ലീഷ് തിയേറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ➢ ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | ➢ പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാരങ്ങളിലേക്ക് മാറ്റി അവതരണം, സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയവ<br>➢ ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്<br>➢ സിനിമ പ്രദർശനം – ഇംഗ്ലീഷ്<br>➢ പ്രദർശിപ്പിച്ച സിനിമയുടെ നിരൂപണം<br>➢ പുസ്തകം പരിചയപ്പെടുത്തൽ | ➢ മാസത്തിൽ ഒരിക്കൽ<br>➢ എല്ലാ ദിവസവും<br>➢ ഓരോ മാസത്തിലും<br>➢ മാസത്തിൽ ഒരിക്കൽ | ➢ ഇംഗ്ലീഷ് അധ്യാപകർ<br>➢ ഇംഗ്ലീഷ് അധ്യാപകർ<br>➢ ഇംഗ്ലീഷ് ക്ലബ്<br>➢ ഇംഗ്ലീഷ് ക്ലബ് |
| ➢ വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | ➢ സ്കൂളിൽ അധികസമയം കണ്ടെത്തി വ്യാകരണത്തിന് പ്രാധാന്യം നൽകുന്ന ക്ലാസുകൾ | ➢ ആഴ്ചയിൽ ഒരിക്കൽ | ➢ ഇംഗ്ലീഷ് അധ്യാപകർ |
| ➢ വായന പരിപോഷിപ്പിക്കൽ | ➢ ക്ലാസ്സ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ – വായനാസ്വാദനക്കുറിപ്പ് എല്ലാ വിദ്യാർത്ഥികളും തയ്യാറാക്കുക | ➢ ആഴ്ചയിൽ ഒരിക്കൽ | ➢ ഇംഗ്ലീഷ് അധ്യാപകർ |
| ➢ ഇംഗ്ലീഷ് ലിറ്ററി കോർണർ | ➢ കുട്ടികളുടെ സർഗ്ഗാത്മകത വികസിപ്പിക്കുവാനും അത് പ്രദർശിപ്പിക്കുവാനുമുള്ള നോട്ടീസ് ബോർഡ് സ്ഥാപിക്കുകയും ആയതിലൂടെ മറ്റ് കുട്ടികൾക്ക് പ്രചോദനമാവും വിധം പ്രദർശിപ്പിക്കൽ | | |

# അറബിക്

## പ്രവർത്തനം – 1 ഭാഷാശേഷി വികസനം

| | | | |
|---|---|---|---|
| ➢ കുട്ടികളിൽ വായന പ്രോ-ത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടി-ച്ചുർത്തി വായനാശീലം വള-ർത്തുക, നല്ല വായനക്കാര-നാവുക | ➢ അറബിക് ലൈബ്രറി ശാക്തീകരണം, അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു. പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ, ചിത്രകഥകൾ വായനാ കോർണർ സ്ഥാപിക്കുന്നു. | ➢ ആഴ്ചയിൽ ഒരിക്കൽ | ➢ അധ്യാപകർ, പൂർവ്വ വിദ്യാ-ർഥികൾ |
| ➢ എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ➢ ഓരോ ക്ലാസ്സിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസീനുകൾ കുട്ടികൾ നിർമ്മിക്കുന്നു. | ➢ സെപ്റ്റംബർ-നവംബർ | |
| ➢ അറബിക് ലാംഗ്വേജ് ലാബ് | ➢ തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക. | ➢ ജൂൺ-ഡിസംബർ | ➢ അധ്യാപകർ, പൂർവ്വ വിദ്യാർഥികൾ |
| ➢ അറബിക് ഫെസ്റ്റ് അറബിക് ഭാഷയെക്കുറിച്ച് കൂടുതലറിയാൻ | ➢ അറബി ഭാഷയെക്കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുക. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുക | ➢ ഡിസംബർ | ➢ അധ്യാപകർ, പൂർവ്വ വിദ്യാർഥികൾ |

# സംസ്കൃതം

## പ്രവർത്തനം – 1 ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ➢ എല്ലാ കുട്ടികൾക്കും ഭാഷാപഠനത്തിൽ തൽപ്പരരാക്കുക | ➢ കുട്ടികളുടെ പഠന മികവുകളും പരിമിധികളും മനസിലാക്കി അവരുടെ സാധ്യതകൾക്ക നുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും രീതികളും സ്വീകരിക്കുന്നു. | ➢ ജൂൺ മുതൽ ഫെബ്രുവരി വരെ | ➢ സംസ്കൃത അധ്യാപകർ |
| | ➢ കുട്ടികൾക്ക് ആനുകാലികങ്ങൾ ലഭ്യമാക്കുക<br>➢ പരീക്ഷകൾക്ക് വേണ്ടി പ്രത്യേക പരിശീലനം നടത്തുക | ➢ ഒരു വർഷം | ➢ സംസ്കൃത അധ്യാപകർ |
| ➢ ഭാഷയോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കുക | ➢ സംസ്കൃത ദിനം സമുചിതമായി ആചരിക്കും<br>➢ സ്കൂൾതല മത്സരങ്ങൾ സംഘടിപ്പിക്കുക<br>➢ ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക<br>➢ സമഗ്ര-നവമാണി APP പ്രയോജനപ്പെടുത്തുക | ➢ ഒരു വർഷം | ➢ സംസ്കൃത അധ്യാപകർ |
| ➢ സംസ്കൃത ദിനാചരണം സ്കൂൾതല മത്സരങ്ങൾ നടത്തി സബ്ബ് ജില്ലാ, ജില്ലാ തലങ്ങളിൽ പങ്കെടുപ്പിക്കുക | ➢ ഔപചാരിക ക്ലബ് രൂപീകരണം, സംസ്കൃത ദിന സന്ദേശം, ഒരു പ്രമുഖ വ്യക്തിയുടെ ക്ലാസ്സ്, സംസ്കൃത പ്രാർത്ഥന, വന്ദേമാതരം ആലാപനം | ➢ ഡിസംബർ | ➢ അധ്യാപകർ, പൂർവ്വ വിദ്യാർഥികൾ |
| ➢ ഭാഷാപഠനം കലാപരിചയം | ➢ സംസ്കൃത കലോത്സവത്തിന് വേണ്ടി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു. | ➢ ജൂൺ മുതൽ ഒക്ടോബർ വരെ | ➢ സംസ്കൃത അധ്യാപകർ |

# <u>ഹിന്ദി</u>

## <u>പ്രവർത്തനം – 1 ഭാഷാശേഷി വികസനം</u>

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ➢ എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക. | ➢ ഹിന്ദി ന്യൂസ് പേപ്പർ വായിക്കുവാനുള്ള സൗകര്യം ഒരുക്കുക.<br>➢ ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | ➢ 2 മാസം | ➢ ഹിന്ദി ടീച്ചർ |
| | ➢ ഹിന്ദി ക്ലബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. | | ➢ ഹിന്ദി ടീച്ചർ |
| | ➢ ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക. | ➢ ആവശ്യമനുസരിച്ച് | ➢ SRG, ഹിന്ദി ടീച്ചർ |
| | ➢ ഹിന്ദി നാടകം നടത്തുക. | | ➢ ഹിന്ദി ടീച്ചർ |
| | ➢ കുട്ടികളെ കൊണ്ട് ചെറു ചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | | |
| | ➢ ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | | ➢ ഹിന്ദി ടീച്ചർ |

| <u>ഉപമേഖല – ദിനാചരണങ്ങൾ</u> | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ➢ വിവിധ ശേഷികളുടെ വികസനം | ➢ ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണ-ങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ➢ ജൂൺ-മാർച്ച് | ➢ SRG |

| ഉപമേഖല – സോഷ്യൽ സയൻസ് – മോക്ക് പാർലമെന്റ് | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| ➢ ജനാധിപത്യ മൂല്യ-ങ്ങൾ വളർത്തിയെ-ടുക്കൽ | ➢ പ്രകടന പത്രിക, മീറ്റ് ദി കാൻഡി-ഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോ-ഗിച്ചുള്ള വോട്ടെടുപ്പ് എന്നിയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം. തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ<br>➢ തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | ➢ വർഷത്തിൽ നാല് തവണ | ➢ SS അധ്യാപകർ, സ്കൂൾ പാർലമെന്റ് ഭാരവാഹികൾ |

| ഉപമേഖല – സാമൂഹ്യ ശാസ്ത്രം ലൈബ്രറി കോർണർ | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| ➢ സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമ-മാക്കൽ | ➢ അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുട-ങ്ങിയവ ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശി-പ്പിക്കൽ | ➢ വർഷത്തിൽ ഒരു തവണ | ➢ SS അധ്യാപകർ |
| | ➢ തുടർന്ന് ക്ലാസ്സ് ലൈബ്രറിയിൽ വിതരണം | ➢ ആഴ്ചയിൽ ഒരു തവണ | |

| ഉപമേഖല – സാമൂഹ്യ ശാസ്ത്ര ബുള്ളറ്റിൽ ബോർഡ് | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| ➢ സാമൂഹ്യശാസ്ത്ര നൂതന അറിവുകൾ കണ്ടെത്തലുകൾ, പ്രദർശനം | ➢ എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ SS കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവര-ങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | ➢ എല്ലാ ദിവസവും<br>➢ ഒരു വർഷം | ➢ SS അധ്യാപകർ |

| ഉപമേഖല – പഠനയാത്രകൾ | | | |
|---|---|---|---|
| ➢ പഠനയാത്രകളിലൂടെ ചരിത്ര സ്മാരക-ങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങി-യവയെക്കുറിച്ച് കൂടു-തൽ മനസിലാ - ക്കൽ | ➢ സാമൂഹ്യ പ്രാധാന്യമുള്ള സ്ഥല-ങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുട-ങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | ➢ വർഷത്തിൽ ഒരു തവണ | ➢ SS അധ്യാപകർ |

| ഉപമേഖല – സംവാദം, സെമിനാർ | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ➢ ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം, പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | ➢ സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | ➢ മാസത്തിൽ ഒന്ന് വീതം | ➢ SRG, S S Club |
| **ഉപമേഖല – ശാസ്ത്രം** | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ➢ കുട്ടികളിൽ ശാസ്ത്രാ – ഭിരുചി വളർത്തൽ | ➢ ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി- പരീക്ഷണങ്ങൾ പൊതുസമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കൽ | ➢ വർഷത്തിൽ ഒരു തവണ | ➢ സയൻസ് അധ്യാപകർ |
| | ➢ സ്കൂൾതല സയൻസ് എക്സിബിഷൻ | ➢ വർഷത്തിൽ ഒരു തവണ | ➢ സയൻസ് അധ്യാപകർ |
| | ➢ ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം ബൈ സർവ്വേ, അഭിമുഖം, നിരീക്ഷണം | ➢ ആവശ്യമുള്ള സന്ദർഭങ്ങളിൽ | ➢ സയൻസ് അധ്യാപകർ |
| ➢ ശാസ്ത്ര മേഖലകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | ➢ മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | ➢ 1 വർഷത്തിൽ 3 മാസം | ➢ സയൻസ് ക്ലബ്ബ് |
| ➢ ശാസ്ത്രലാബ് നവീകരണം | ➢ ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ➢ ജനുവരി മുതൽ 1 മാസം | ➢ |

| ഉപമേഖല : | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ➢ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | ➢ സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ | ➢ 1 വർഷം | ➢ പി.ടി.എ |
| ➢ പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | ➢ അധ്യാപകൻ-കുട്ടി, കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം | ➢ ആഴ്ചയിൽ 2 ദിവസം | ➢ SRG, സയൻസ് ടീച്ചർ |
| ➢ ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | ➢ കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | ➢ 6 മാസത്തിൽ ഒരിക്കൽ | ➢ SRG, സയൻസ് ടീച്ചർ |
| ➢ ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | ➢ തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ ചോദ്യപേപ്പർ സമഗ്രയിൽ അപ്ലോഡ് ചെയ്യൽ | ➢ 3 മാസം | ➢ SRG, സയൻസ് ടീച്ചർ |
| ➢ മോഡൽ, നിർമ്മാണം (ശില്പശാല) | ➢ ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | ➢ 1 മാസം | ➢ SRG, സയൻസ് ടീച്ചർ |

| ഉപമേഖല : പരിസ്ഥിതി സംരക്ഷണം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ➢ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തലൊരുക്കൽ | ➢ സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെ-ടുത്തൽ, വള്ളിപ്പടർപ്പുകൾ കൊണ്ട് ജൈവ പന്തലൊ-രുക്കൽ | ➢ 3 മാസം | ➢ ഇക്കോക്ലബ്/ എൻ. എസ്. എസ് |
| ➢ സ്കൂൾ മുറ്റത്തെ ഔഷധ-ത്തോട്ടം വിപുലപ്പെടുത്തൽ | ➢ ഔഷധ സസ്യങ്ങളെയും ഔഷധ സസ്യ-ങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം | ➢ 3 മാസം | ➢ ഇക്കോക്ലബ്/ എൻ. എസ്. എസ് |
| ➢ ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗ-പ്പെടുത്തൽ | ➢ ജൈവവിവിധ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവ-രുത്തൽ | ➢ 3 മാസം | ➢ ഇക്കോക്ലബ്/ എൻ. എസ്. എസ് |
| ➢ നാട്ടുമാവ് സംരക്ഷണം | ➢ സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണസം-രക്ഷണമൊരുക്കൽ | ➢ എല്ലാ ദിവസവും | ➢ ഇക്കോക്ലബ് |

# ഗണിതം

| ഉപമേഖല : ഗണിതം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ➢ ഗണിത പഠന പ്രവർത്ത-നങ്ങൾ ലളിതമാക്കൽ | ➢ ഗണിത ലാബ് പ്രത്യേകമായി സജ്ജീക-രിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക<br>➢ ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിതപാർക്ക് സജ്ജീക-രിക്കൽ | ➢ ലാബ് സ-ജ്ജീകരണം അവധിക്കാലത്ത്<br>➢ ജൂൺ – ജൂലൈ | ➢ പി. ടി. എ/ ഗണിത ടീച്ചർ<br>➢ പി. ടി. എ/ ഗണിത ടീച്ചർ |
| ➢ ഗണിതത്തിലെ അടി-സ്ഥാന ആശയങ്ങൾ ഉ-റപ്പിക്കൽ | ➢ വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പാക്കുന്നു<br>➢ ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാഷ-യങ്ങൾ ഉറപ്പിക്കൽ | ➢ ജൂൺ 1 മാസം<br>➢ ജൂൺ 1 മാസം | ➢ ഗണിത ടീച്ചർ<br>➢ ഗണിത ടീച്ചർ |
| ➢ ഗണിത ക്ലിനിക് | ➢ ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപ-കരെയും ഉപയോഗപ്പെടുത്തി ഗണിത ക്ലിനിക് | ➢ 1 വർഷം | ➢ ഗണിത ടീച്ചർ<br>➢ ഗണിത ക്ലബ് |

| ഉപമേഖല : പ്രവൃത്തി പരിചയം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ➢ പ്രവൃത്തി പരിചയ പരിശീലനം | ➢ തൽപ്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിച-യത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പ-ന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ധ-രുടെ സേവനം ഉപയോഗപ്പെടുത്തൽ | ➢ 1 വർഷത്തിൽ 1 മാസം | ➢ SRG |
| **ഉപമേഖല : കലാരംഗം** | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ➢ കലാമികവുള്ളവർക്ക് പരിശീ-ലനം | ➢ ഉപകരണ സംഗീതത്തിലും മറ്റ് കലാവാസ-നകളും ഉള്ള കുട്ടികൾക്ക് വിദഗ്ധരെ പങ്കെടുപ്പി-ച്ച് പരിശീലനം നൽകൽ | ➢ ആഴ്ചയിൽ 2 ദിവസം 1 വർഷം | ➢ SRG |

# ഗണിതം

| ഉപമേഖല : കായിക വിദ്യാഭ്യാസം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ➢ കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | ➢ കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപ്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലെത്തിക്കൽ<br>➢ ഫുട്ബോൾ ഡേ ബോർഡിംഗ് പരിശീലനം<br>➢ രാവിലെയും വൈകിട്ടും 30 ആൺകുട്ടികൾക്കും 50 പെൺകുട്ടികൾക്കും ക്ലാസ്സ് സമയത്തിന് മുൻപും പിൻപും പരിശീലനം | ➢ എല്ലാ ദിവസവും രാവിലെയും വൈകിട്ടും അവധി ദിവസങ്ങളിലും 1 വർഷം<br>➢ 1 വർഷക്കാലം | ➢ കായിക അധ്യാപകൻ |
| ➢ എയ്റോബിക്ക് യോഗാധ്യാന സമിതി | ➢ വ്യായാമ പരിശീലനത്തിനായി ആഴ്ചയിൽ ഒരു ദിവസം മാറ്റിവയ്ക്കുന്നു. എയ്റോബിക്ക് വ്യായാമത്തിന് ഉതകുന്ന സജ്ജീകരണങ്ങളോടു കൂടിയ ഹാൾ തയ്യാറാക്കുന്നു | | ➢ കായിക അധ്യാപകൻ |

# ഗണിതം

| ഉപമേഖല : കൗൺസിലിങ്ങ് | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ➢ വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകൽ, നല്ല വ്യക്തിത്വമുള്ളവരാക്കൾ | ➢ ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ<br>➢ ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിങ്ങ് ഫലപ്രദമാക്കൽ, ഇൻഡിവിജ്വൽ കൗൺസിലിങ്ങ്, ഗ്രൂപ്പ് കൗൺസിലിങ്ങ് | ➢ ജൂണിൽ തുടങ്ങി എല്ലാ വെള്ളിയാഴ്ചയും | ➢ കൗൺസിലിങ്ങ് ടീച്ചർ |

## പൂർവ്വവിദ്യാർത്ഥി സംഘടന

സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് വിലമതിക്കാനാകാത്ത സഹായങ്ങളാണ് പൂർവ്വവിദ്യാർത്ഥികൽ നൽകിവരുന്നത്. സ്കൂൾ - ഫ്ലാഗ് ഉയർത്തുന്നതിനുള്ള സംവിധാനവും കൊടിമരവും പൂർവ്വവിദ്യാർത്ഥികളുടെ സംഭാവനയാണ്. കൂടാതെ സ്കൂൾ ഹൈടെക് ആകുന്നതിലേയ്ക്ക് രണ്ട് ക്ലാസ്സ്മുറികൾ ടൈലിട്ടു വൃത്തിയാക്കിയതും, നല്ലൊരു ലൈബ്രറി സ്കൂളിന് സംഭാവന ചെയ്തതും, പൂർവ്വവിദ്യാർത്ഥി സംഘടനകൾ തന്നെ. സ്കൂൾ ആഡിറ്റോറിയത്തിലേക്ക് ആവശ്യമായ കസേരകൾ, ക്ലാസ്സ് റൂമിലേക്ക് ഫാനുകൾ, ഫുൾ A+ നേടുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തികസഹായം എന്നിവ ഇന്നും പൂർവ്വവിദ്യാർത്ഥി സംഘടനകൾ സ്കൂളിന്റെ അഭിമാനമായി നിന്നുകൊണ്ട് നൽകി വരുന്നു. കുട്ടികളിലെ വായനാശീലം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പുസ്തകങ്ങൾ സംഭാവന ചെയ്യുക, ലോകപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വർത്തമാനപത്രങ്ങൾ കുട്ടികൾക്കായി സ്പോൺസർ ചെയ്യുക തുടങ്ങിയ വിജ്ഞാനപ്രദമായ പ്രവർത്തനങ്ങളിലും പൂർവ്വവിദ്യാർത്ഥി സംഘടനകൾ സജീവമായി പ്രവർത്തിച്ചുവരുന്നു.

## സ്കൂൾ പ്രവർത്തനങ്ങൾ : മികവുകൾ

* SSLC പരീക്ഷയിൽ തുടർച്ചയായി –ാാം വർഷവും 100% വിജയം ഇക്കഴിഞ്ഞ അക്കാദമിക വർഷത്തിലും സ്കൂൾ കരസ്ഥമാക്കി )25–26
* 2024–ൽ ഗെയിംസ് ഓവർഓൾ – മൂന്നാം സ്ഥാനം സ്കൂൾ കരസ്ഥമാക്കി എന്നതും അഭിമാനാർഹമായ നേട്ടമാണ്.
* കായികമേളകളിൽ സംസ്ഥാനതലത്തിൽ പല ഇനങ്ങളിലായി കുട്ടികൾ ഒന്നാം സ്ഥാനത്തിനർഹാരാകുന്നത് മുൻവർഷങ്ങളിലെ തുടർ നേട്ടങ്ങളിൽ പ്രാധാന്യമേറിയതാണ്. വരും വർഷങ്ങളിലും അതിനുള്ള ശ്രമങ്ങൾ (18–ൽ പരം ഇനങ്ങളിലായി) സ്കൂളിന്റെ ഭാഗത്തുനിന്നും യാതൊരു കോട്ടവും തട്ടാതെ പ്രഗല്ഭരായ പരിശീലകർ കൈകാര്യം ചെയ്തുവരുന്നു.
* പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട മേഖലകളിൽ ആരോഗ്യ, കായിക, പ്രവർത്തി പരിചയ വിദ്യാഭ്യാസത്തിനു കൂടി ഊന്നൽ നൽകിക്കൊണ്ടുള്ള ക്ലാസ്സുകളും പ്രവർത്തനങ്ങളും നടത്തിവരുന്നു.
* കുട്ടികളിൽ ലോക പരിജ്ഞാനം വളർത്തുക എന്ന ലക്ഷ്യത്തോടെ എല്ലാ ആഴ്ചയിലും വെള്ളിയാഴ്ച ദിവസങ്ങളിൽ ക്വിസ് മത്സരം സംഘടിപ്പിക്കുകയും വിജയികളെ സമ്മാനങ്ങൾ നൽകി അനുമോദിക്കുകയും ചെയ്തുവരുന്നു.
* വിവിധ ഭാഷാ വിഷയങ്ങളുടെയും, അനുബന്ധ വിഷയങ്ങളുടെയും ക്ലബുകളുടെ പ്രവർത്തനം വളരെ ഭംഗിയായി ഓരോ ക്ലബിന്റെയും ചാർജ്ജുള്ള അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് നടത്തിവരുന്നു.
* സ്പോൺസർമാരെ കണ്ടെത്തി മാതൃഭൂമി, ഹിന്ദു, ദേശാഭിമാനി, മലയാള മനോരമ തുടങ്ങിയ പത്രങ്ങൾ കുട്ടികളിലെ വായനയെ പോഷിപ്പിക്കുന്നതിലേയ്ക്ക് സ്കൂളിൽ വിതരണം ചെയ്തുവരുന്നു.
* സ്കൂൾ അസംബ്ലി കുട്ടികൾക്ക് ഉപകാരപ്രദമായി മാറുന്നതിനുള്ള പുതിയ പുതിയ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ക്ലാസ്സ് ടീച്ചേർസ് കുട്ടികൾക്ക് നിർദ്ദേശം നൽകുകയും അവരോടൊപ്പം പ്രവർത്തനങ്ങളുടെ മികവിനായി സുമനസ്സോടെ പ്രവർത്തിക്കുകയും ചെയ്യുന്നു.
* വൈകുന്നേരങ്ങളിൽ 15 മിനിറ്റ് കുട്ടികളിലെ സർഗ്ഗാത്മകത വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും വായനാനുഭവം വളർത്തിക്കൊണ്ടു വരുന്നതിനുമായി പുസ്തക പരിചയവും, ദിവസവും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.
* സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി [illegible]

* സ്കൂളിലെ കുട്ടികളെ 4 ഗ്രൂപ്പുകളായി (House) തിരിച്ച് അവയ്ക്ക് പേര് നൽകുകയും, ആ പേരിന്റെ അടിസ്ഥാനത്തിൽ കളർ ടീ ഷർട്ടുകൾ നൽകി സ്കൂളിനെ വർണാഭമാക്കി മാറ്റുകയും ചെയ്തു. ഇത്തരത്തിലുള്ള ഹൗസ് പ്രവർത്തനങ്ങൾ കുട്ടികളിലെ ആത്മധൈര്യം, സംഘടനാശക്തി എന്നിവ വർദ്ധിപ്പിക്കുന്നതിന് കാരണമായി മാറുന്നു.

* പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂളിലെ വിവിധ ക്ലബുകളിലെ കുട്ടികൾ പച്ചക്കറി കൃഷി നടത്തിവരുന്നു. അതിനുള്ള സഹായങ്ങൾ കൃഷി ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുന്നു.

* ദിനാചരണങ്ങളിലും സഹജീവി സ്നേഹത്തിലും അധിഷ്ഠിതമായ പ്രവർത്തനങ്ങളിൽ SPC, Little Kites, Guides, Scouts, Redcross എന്നീ യൂണിറ്റുകൾ സജീവമായി പങ്കെടുക്കുകയും സാമൂഹികമായ ഇടപെടലികളിലൂടെ സ്കൂളിന്റെ മഹത്വം ഉയർത്തിക്കാട്ടുകയും ചെയ്യുന്നു.

| കുട്ടികൾ | | | |
|---|---|---|---|
| ക്ലാസ്സ് | ആൺ | പെൺ | ആകെ |
| VIII | 46 | 45 | 91 |
| IX | 65 | 49 | 114 |
| X | 61 | 37 | 98 |
| XI | 58 | 32 | 90 |
| XII | 61 | 40 | 101 |

## <u>പരിമിതികൾ</u>

* മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് ക്ലാസ്സ് മുറികളുടെ സജ്ജീകരണം, ആധുനിക സാങ്കേതികവിദ്യയുടെ അപര്യാപ്തതകൾ എന്നിവ മുഖവിലയ്ക്ക് എടുക്കേണ്ടതുണ്ട്. അത്തരത്തിൽ നോക്കുമ്പോൾ മൂന്നു ക്ലാസ്സ് മുറികൾ ടൈലിടാത്തതും, സ്മാർട്ട് ക്ലാസുകൾ അല്ലാത്തതുമാണ്. സമഗ്രമായ പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഇല്ലാത്തത് ഒരു വലിയ പരിമിതിയായി കണക്കാക്കാം.
* ഉച്ചഭക്ഷണ സംവിധാനത്തിൽ ഭക്ഷണവിതരണത്തിനുള്ള സ്ഥലത്തിന്റെ പരിമിതിയും നിർണ്ണായകമാണ്. അനുയോജ്യമായ തരത്തിലുള്ള ഡൈനിങ്ങ് ഹാളിന്റെ അഭാവം സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളിൽ ഒരു വലിയ പോരായ്മയാണ്.
* കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കുവാൻ ആവശ്യമായ നടപടികൾ അദ്ധ്യാപകർ സ്വീകരിക്കുമ്പോഴും എല്ലാവരെയും ഒരുമിച്ച് പങ്കെടുപ്പിക്കുന്നതിനുള്ള ഒരു നല്ല ആഡിറ്റോറിയത്തിന്റെ കുറവ് പലപ്പോഴും ഉദ്ധേഷിച്ച രീതിയിൽ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന് സംഘാടകർക്ക് തടസ്സങ്ങൾ സൃഷ്ടിക്കുന്നു.
* സയൻസ്, സോഷ്യൽ സയൻസ്, മാത്സ് തുടങ്ങിയ വിഷയങ്ങൾക്ക് അനുയോജ്യമായ ലബോറട്ടറി സംവിധാനത്തിന്റെ അപര്യാപ്തത ഹൈസ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾക്ക് മങ്ങലേൽപ്പിക്കുന്നു.
* ഏറ്റവും പ്രാധാന്യമർഹിക്കുന്നതും എടുത്തുപറയേണ്ടതുമായ രണ്ട് കാര്യങ്ങളിൽ ഒന്ന് കുട്ടികൾക്കും, രക്ഷകർത്താക്കൾക്കും, അദ്ധ്യാപകർക്കും സ്കൂളിൽ സമയത്ത് എത്തിച്ചേരുന്നതിനുള്ള യാത്രാസൗകര്യത്തിന്റെ കുറവാണ്. അതുകൊണ്ടുതന്നെ അല്പം ദൂരെ നിന്നുള്ള വിദ്ധ്യാർത്ഥികളെ സ്കൂളിൽ അയയ്ക്കുന്നതിന് പല രക്ഷകർത്താക്കളും വിമുഖത കാണിക്കുന്നു.
* മറ്റൊന്ന് ലഹരി മാഫിയകളുടെ വിളയാട്ടമാണ്. കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി പോലീസിന്റെ സഹായം സ്കൂളിന് അത്യാവശ്യമായി വരുന്നു.
* ജൈവവൈവിധ്യ ഉദ്യാനം എന്നത് സ്കൂളിൽ ഏറെ പ്രാധാന്യമുള്ള വസ്തുതയാണ്. പക്ഷെ, അതിനുള്ള സ്ഥലക്കുറവ് ഒരു വലിയ പരിമിതിയായി നിൽക്കുന്നു.

## ഭൗതിക സാഹചര്യങ്ങൾ

അക്കാദമിക രംഗങ്ങളിൽ ഫലപ്രദമായ മാറ്റങ്ങൾ വരുത്തുമ്പോൾ ഭൗതിക സാഹചര്യങ്ങളിൽ വരുത്തേണ്ട അനവധി വിപുലമായ പരിവർത്തനങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കി മാറ്റി എടുക്കാനുള്ള പരിശ്രമത്തിൽ ഭൗതിക സാഹചര്യങ്ങളുടെ നേട്ടങ്ങളും, പരിമിതികളും ചർച്ചയ്ക്ക് വിധേയമാകുന്നു.

## നേട്ടങ്ങൾ

* 2014-ൽ ഹയർസെക്കൻഡറി സ്കൂൾ ആയി ഉയർന്നു.
* വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ കായികപരിശീലനത്തിന് അനുയോജ്യമായ രീതിയിൽ സ്കൂൾ കോമ്പൌണ്ട് മാറ്റങ്ങൾക്ക് വിധേയമാക്കി.
* ഹൈസ്കൂളിലെ 6 ക്ലാസ്സ് റൂമുകൾ ടൈലിട്ടു വൃത്തിയാക്കുകയും ഹൈടെക് ആക്കി മാറ്റുകയും ചെയ്തു.
* സ്കൂളിലേ പ്രധാന ജലസ്രോതസ്സ് കിണറാണ്. ശുചീകരിച്ച ജലം കുട്ടികൾക്ക് കുടിക്കാൻ ലഭ്യമാക്കുന്നതിലേയ്ക്ക് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. മറ്റ് ആവശ്യങ്ങൾക്കുള്ള ജലം പൈപ്പ് വഴി എത്തിക്കുന്നു.
* ഹയർസെക്കൻഡറിയിലെയും ഹൈസ്കൂളിലെയും എല്ലാ ക്ലാസ്സ്മുറികളിലും ഫാനും, ലൈറ്റുമുണ്ട്. സ്കൂളിൽ സോളാർ പ്ലാന്റും പ്രവർത്തിക്കുന്നു.
* സ്കൂളിന് പൊതുവായി ഒരു ലബോറട്ടറി സംവിധാനം പ്രവർത്തിക്കുന്നു.
* പൂർവ്വവിദ്ധ്യാർത്ഥികൾ സംഭാവന ചെയ്ത വളരെ വിപുലമായ ലൈബ്രറി സംവിധാനം സ്കൂളിൽ ഉണ്ട്.
* മെച്ചപ്പെട്ട രീതിയിലുള്ള ഒരു കമ്പ്യൂട്ടർ ലാബ് സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.
* MLA-യുടെ ഫണ്ട് ഉപയോഗിച്ച് 2023-ൽ മെച്ചപ്പെട്ട സംവിധാനങ്ങളോടെ പാചകപ്പുര നിർമ്മാണം പൂർത്തിയാക്കി.
* 2024-ൽ പുതിയ ടോയിലറ്റിനുള്ള ഫണ്ട് അനുവദിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.
* സ്കൂൾ മുറ്റത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഇന്റർലോക്ക് സംവിധാനത്തിലൂടെ ശുചിത്വപൂർണ്ണമായ രീതിയിലേക്ക് സ്കൂൾ പരിസരം നവീകരിച്ചു.

പുസ്തകങ്ങളിൽ നിന്നുള്ള അറിവ് എന്നതിനുമപ്പുറം തന്റെ ചുറ്റുപാടുകളിൽ കുട്ടികൾ സദാ ജാഗ്രത പാലിക്കേണ്ടതാണെന്ന അർത്ഥത്തിൽ സ്കൂൾ തലത്തിലോ, ക്ലാസ്സ് തലത്തിലോ ജൂൺ 2 മുതൽ 13 വരെ രാവിലെ 10 മുതൽ 45 മിനിറ് ബോധവത്കരണ

അവ ക്രമത്തിൽ താഴെ പറയുന്നു.

12 വരെയുള്ള ക്ലാസ്സുകൾക്ക് ശേഷം 13ന് പൊതുകോഡീകരണവും ഉണ്ടാകേണ്ടതാണ്.

2025 ജൂൺ 3 – മയക്കമരുന്ന്/ ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവത്ക്കരണം.

ജൂൺ 4 – ട്രാഫിക് നിയമങ്ങൾ ; റോഡിലൂടെ സഞ്ചരിക്കുമ്പോൾ അറിയേണ്ട കാര്യങ്ങൾ, സ്കൂൾ വാഹന സഞ്ചാരം.

ജൂൺ 5 – വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്ക്കരണം എന്നീ വിഷയങ്ങളിൽ അവബോധം നൽകുന്നു.

ജൂൺ 9 – ആരോഗ്യ, കായിക, കായികക്ഷമത വിഷയങ്ങളിൽ ആവശ്യമായ കാര്യങ്ങൾ കുട്ടികളിലെത്തിക്കുക.

ജൂൺ 10 – ഡിജിറ്റൽ അച്ചടക്കത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസുകൾ നൽകുക.

ജൂൺ 11 – പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കുട്ടികളെ ബോധവത്ക്കരിക്കുക.

ജൂൺ 12 – പരസ്പര സ്നേഹത്തിന്റെയും സഹകരണത്തിന്റെയും പ്രാധാന്യത്തെപ്പറ്റിയും, റാഗിങ്ങ്, വൈകാരിക നിയന്ത്രണമില്ലായ്മ എന്നിവയുടെ ദൂഷ്യവശങ്ങളെ പറ്റിയും കുട്ടികളെ ബോധവാന്മാരാക്കുക. തുടർന്ന്, മേൽപ്പറഞ്ഞ ക്ലാസുകളുടെ വിലയിരുത്തൽ നടത്തി ക്രോഡീകരണവും നടത്തേണ്ടതാണ്.